**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T4485      21.03.2018 ൽ മറുപടി നൽകേണ്ടിയിരുന്നത്

# ആശുപത്രി മാലിന്യ സംസ്കരണ പ്ലാന്റ്

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആശുപത്രി മാലിന്യ സംസ്കരണ പ്ലാന്റ് എവിടെയെല്ലാം സ്ഥിതി ചെയ്യുന്നു; മുഴുവൻ ആശുപത്രി മാലിന്യങ്ങളും സംസ്കരിക്കാൻ ഇവിടെ സൗകര്യമുണ്ടോ; | (എ)<br>&<br>(ബി) | പാലക്കാട് ജില്ലയിലെ മാത്തൂരുത്തിയിൽ ഐ.എം.എ.യുടെ കീഴിൽ ഇമേജ് വിപുലമായ രീതിയിൽ ആശുപത്രി മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തിച്ചു വരുന്നു. എല്ലാ പാരിസ്ഥിതിക നിയമങ്ങളും, ചട്ടങ്ങളും പാലിച്ചാണ് പ്രസ്തുത പ്ലാന്റ് പ്രവർത്തിച്ചു വരുന്നത്. ഈ സ്ഥാപനം വികേന്ദ്രീകൃതമായി പുതിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യവകുപ്പിന്റെ കീഴിൽ പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിലവിലുണ്ട്. ഒറ്റപ്പാലം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ മലിനജല സംസ്കരണ പ്ലാന്റ് നിർമ്മാണം പൂർത്തിയായി പ്രവർത്തനം ഉടൻ തുടങ്ങുന്നതാണ്. ജനറൽ ആശുപത്രി പത്തനംതിട്ട, കോട്ടയം ജില്ലയിലെ കുമരകം സാമൂഹികാരോഗ്യകേന്ദ്രം എന്നിവിടങ്ങളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ നിലവിലുണ്ട്. ആശുപത്രി മാലിന്യങ്ങൾ മുഴുവൻ സംസ്കരിക്കുന്നതിനുള്ള സൗകര്യം ഇവിടെയില്ല. അതിനാൽ ബയോമെഡിക്കൽ വേസ്റ്റ് ഐ.എം.എ.യുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഇമേജ് മുഖേനയും ഇൻസിനറേറ്ററുകൾ മുഖേനയും അതാത് ആശുപത്രികളിൽ നിർമ്മാർജ്ജനം ചെയ്തുവരുന്നു. ഈ സംസ്കരണ പ്ലാന്റുകളിലെ മാലിന്യ സംസ്കരണം കുറ്റമറ്റതും കാര്യക്ഷമതയുള്ളതുമാണ്. |
| (ബി) | പ്രസ്തുത സംസ്കരണ പ്ലാന്റുകളിലെ മാലിന്യ സംസ്കരണം കുറ്റമറ്റതും കാര്യക്ഷമവുമാണെന്ന് കരുതുന്നുണ്ടോ; | | |
| (സി) | മതിയായ സംവിധാനങ്ങൾ ഇല്ലാത്തതിനാലും മാലിന്യത്തിന്റെ ബാഹുല്യം കാരണവും മാസങ്ങൾ പഴക്കമുള്ള മാലിന്യം വരെ പ്രസ്തുത പ്ലാന്റുകളിൽ സംസ്കരിക്കാതെ കൂട്ടിയിട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആശുപത്രികളിലെ ബയോമെഡിക്കൽ വേസ്റ്റ് ഐ.എം.എ.യുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഇമേജ് എന്ന സ്ഥാപനം മുഖേനയും ഇൻസിനറേറ്ററുകൾ മുഖേനയും നിർമ്മാർജ്ജനം ചെയ്യുന്നുണ്ട്. |
| (ഡി) | കൂടുതൽ സ്ഥലങ്ങളിൽ ഇത്തരം സംസ്കരണ പ്ലാന്റുകൾ നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയത് പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | കൂടുതൽ സ്ഥലങ്ങളിൽ ഖര ദ്രാവക മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി 2018-19 വാർഷിക പദ്ധതിയിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ